## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 7880 — 23.07.2012-ൽ മറുപടിക്ക്.

# പോലീസ് കാന്റീൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് വകുപ്പിൽ പുതുതായി ആരംഭിച്ച കാന്റീൻ സൗകര്യം ഏതൊക്കെ വിഭാഗം ജീവനക്കാർക്കാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | : (എ) കേരള പോലീസ് സർവ്വീസിൽ ജോലി ചെയ്യുന്ന എല്ലാ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്കും കാന്റീൻ സൗകര്യം അനുവദിച്ചിട്ടുണ്ട്. |
| (ബി) പോലീസ് വകുപ്പിലെ ജീവനക്കാരെ കൂടാതെ മറ്റേതെങ്കിലും വകുപ്പിലേയോ, മറ്റ് കേന്ദ്രസർവ്വീസിലെ ജീവനക്കാർക്കോ മേൽപ്പറഞ്ഞ കാന്റീൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ ; | : (ബി) പോലീസ് വകുപ്പിലെ ജീവനക്കാരെ കൂടാതെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ സേനാംഗങ്ങൾ, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 5 വർഷത്തിൽ കുറയാതെ സേവനം അനുഷ്ഠിച്ചിട്ടുള്ള ഇപ്പോൾ സർവ്വീസിൽ ഉള്ളതോ വിരമിച്ചവരോ ആയ വിവിധ കേന്ദ്ര പോലീസ് സേനയിലെ സേനാംഗങ്ങൾക്കും സെൻട്രൽ പോലീസ് ഓർഗനൈസേഷൻ സേനാംഗങ്ങൾക്കും (യൂണിഫോം/ സിവിൽ), എസ്.പി.ജി., സി.ബി.ഐ. എന്നിവയിലെ ഉദ്യോഗസ്ഥർക്കും ഈ സൗകര്യം ലഭ്യമാണ്. |

(മറുപുറം)

(സി) പോലീസ് വകുപ്പിൽ ഏതൊക്കെ വിഭാഗം ജീവനക്കാർക്കാണ് കാന്റീൻ സൗകര്യം നിഷേധിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; എങ്കിൽ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇവരെ ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

: (സി) കേരള പോലീസ് വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർ ഒഴികെയുള്ളവർക്ക് ഈ സൗകര്യം ലഭ്യമാക്കിയിട്ടില്ല. 08.08.2011-ലെ ജി.ഒ.(എം.എസ്.) 176/2011/ആഭ്യന്തരം എന്ന സർക്കാർ ഉത്തരവാണ് ഇക്കാര്യത്തിൽ മാനദണ്ഡമാക്കിയിട്ടുള്ളത്.

(ഡി) ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ട ക്യാമ്പ് ഫോളോവർമാർക്കും, മറ്റ് മിനിസ്റ്റീരിയൽ ജീവനക്കാർക്കും കൂടി കാന്റീൻ സൗകര്യം ലഭ്യമാക്കി സാമാന്യ നീതി ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

: (ഡി) ഇക്കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ